# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ 574 08.07.2014-ലെ മറുപടിക്ക്

## തടവുകാർക്കുള്ള തൊഴിൽ പരിശീലനം

ചോദ്യം മറുപടി

ശ്രീ.പുരുഷൻ കടലുണ്ടി
ശ്രീ.ഇ.പി.ജയരാജൻ
ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ
ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ)

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് അനുയോജ്യമായ തൊഴിൽ പരിശീലനങ്ങൾ നൽകാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ;<br><br>(ബി) ശിക്ഷാ തടവുകാർക്ക് ജയിലുകളിൽ എന്തെല്ലാം തൊഴിലുകളാണിപ്പോൾ നൽകിവരുന്നത്; അവർക്ക് വായനയ്ക്കും വിനോദത്തിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള സൗകര്യങ്ങൾ നിലവിലുണ്ടോ; | എ) യും ബി) യും | സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാർക്ക് അനുയോജ്യമായ തരത്തിൽ, അവരുടെ ശാരീരികവും മാനസികവുമായ വികാസത്തിന് വേണ്ടി വിവിധ തൊഴിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. ജയിലുകളിലെ തടവുകാർക്കുവേണ്ടി നിലവിൽ താഴെപറയുന്ന തൊഴിൽ പരിശീലന പരിപാടികൾ നടത്തിവരുന്നു. 1) കാർപെന്ററി (2) വീവിംഗ് (3) മേസ്നറി പരിശീലനം (4) കൃഷിപ്പണികൾ (5) റബ്ബർ ടാപ്പിംഗ് (6) ഡയറി ഫാം (7) ഇഷ്ടിക നിർമ്മാണം/ഹോളോബ്രിക്സ് (8) ചെങ്കല്ല്വെട്ട് (9) ഭക്ഷ്യവസ്തുക്കളുടെ വിപണനാടിസ്ഥാനത്തിലുള്ള ഉത്പാദനം (10) സ്മിത്തി പരിശീലനം (11) വനിതാ തടവുകാർക്ക് ആഭരണ നിർമ്മാണത്തിലുള്ള പരിശീലനം (12) കൂൺ കൃഷിയിൽ പരിശീലനം (13) പന്നി വളർത്തൽ (14) കോഴി വളർത്തൽ (15) കമ്പ്യൂട്ടർ പരിശീലനം (16) ടെയിലറിംഗ് (17) മത്സ്യകൃഷി (18) കരകൗശല വസ്തുക്കളുടെ നിർമ്മാണം (19) തേനീച്ച വളർത്തൽ. കൂടാതെ സോപ്പു നിർമ്മാണം, എംബ്രോയിഡറി, ഫാബ്രിക് പെയിന്റിംഗ് എന്നിവയിലും പരിശീലനം നൽകി വരുന്നു.<br><br>തടവുകാരിൽ വായനാശീലം ഉണ്ടാക്കുന്നതിനും മാനസിക ഉന്നമനത്തിനുമായി എല്ലാ ജയിലുകളിലും ലൈബ്രറികൾ സ്ഥാപിച്ചിട്ടുണ്ട്. വായനാശീലം വളർത്തുന്നതിനും വായനയിൽ തൽപരരായ തടവുകാർക്ക് |

| | | |
|---|---|---|
| | | അറിവ് വർദ്ധിപ്പിക്കുന്നതിനും ജയിൽ ഗ്രന്ഥശാലകൾ വളരെയേറെ പ്രയോജനപ്പെടുന്നു. അക്ഷരാഭ്യാസം ഇല്ലാത്ത തടവുകാരെ സാക്ഷരരാക്കുന്നതിന്, സാക്ഷരതാ മിഷന്റെയും മറ്റും പ്രവർത്തനങ്ങൾ ജയിലുകളിൽ നടത്തിവരുന്നു.<br>വിനോദത്തിനായി ടെലിവിഷൻ പരിപാടികൾ കാണുന്നതിനും, എഫ്.എം.റേഡിയോ പരിപാടികൾ ശ്രവിക്കുന്നതിനും, കാരംബോർഡ്, ചെസ്സ്, വോളീബോൾ എന്നീ കളികളിൽ ഏർപ്പെടുന്നതിനും ഉള്ള സൗകര്യം ജയിലുകളിൽ നൽകിവരുന്നു. കൂടാതെ 'തടവുകാരുടെ ക്ഷേമം' പദ്ധതി പ്രകാരം സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി വിതരണം ചെയ്യുന്നു. എല്ലാ വർഷവും തടവുകാരുടെ കലാ-കായിക മത്സരങ്ങൾ നടത്തിവരുന്നു.<br>ഉന്നത വിദ്യാഭ്യാസം ആഗ്രഹിക്കുന്ന തടവുകാർക്കുവേണ്ടി ഇന്ദിരാഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി സ്റ്റഡി സെന്ററിന്റെ പ്രവർത്തനവും സെൻട്രൽ ജയിലുകളിലും തുറന്ന ജയിലുകളിലും ഉണ്ട്. |
| (സി) പരിശീലന പദ്ധതികൾക്ക് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | സി) | സ്വീകരിച്ചുവരുന്നു. |
| (ഡി) ജയിൽ മോചിതരാകുമ്പോൾ അവർക്ക് വിവിധ തൊഴിലുകളിൽ ഏർപ്പെട്ട് ജീവസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്താവുന്ന നിലയിൽ അവരെ തൊഴിലുകളിൽ പ്രാപ്തമാക്കാൻ നടപടി കൈക്കൊള്ളുമോ ? | ഡി) | നിലവിൽ നൽകി വരുന്ന പല തൊഴിൽ പരിശീലന പരിപാടികളും ജയിൽ മോചനത്തിനുശേഷം, ജീവനസന്ധാരണത്തിനുള്ള മാർഗ്ഗം കണ്ടെത്തുന്നതിന് പ്രയോജനപ്പെടുന്നവയാണ്. |

സെക്ഷൻ ഓഫീസർ